**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1901</u>** **<u>29-07-2021 - ൽ മറുപടിയ്ക്ക്</u>**

**<u>കാർഷിക ഉൽപന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | എല്ലാ ജില്ലകളിലും, വ്യവസായ വകുപ്പിന്റെ കീഴിൽ ഓരോ കാർഷിക ഉൽപന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങൾ ആരംഭിക്കാൻ സർക്കാർ നിശ്ചയിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | നിശ്ചയിച്ചിട്ടുണ്ട്. ഒരു ജില്ല ഒരു ഉൽപന്നം എന്ന സമീപനം സ്വീകരിച്ചു കൊണ്ടു ഭക്ഷ്യ സംസ്കരണ മേഖലയിലെ സംരംഭങ്ങളുടെ ഉന്നമനത്തിനായി കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ മന്ത്രാലയം മുഖേന സംസ്ഥാന സർക്കാരുമായി സഹകരിച്ച് പ്രധാനമന്ത്രി ഭക്ഷ്യ സംസ്കരണ വ്യവസായ ഉന്നമന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പാലക്കാട് ജില്ലയ്ക്ക് നിശ്ചയിച്ചിരിക്കുന്ന, വാഴക്കായ അടിസ്ഥാനമാക്കിയുള്ള സംരംഭകർക്ക് ഈ പദ്ധതി തുടങ്ങുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലന പരിപാടികളും നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | സംരംഭകർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിലേക്കായി എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഓരോ ജില്ലാ റിസോഴ്സ് പേഴ്സണുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 3 ജില്ലാ റിസോഴ്സ് പേഴ്സണുകളുടെ സഹായം ലഭ്യമാണ്. കൂടാതെ KIED എന്ന സ്ഥാപനവും പരിശീലനം നൽകുന്നുണ്ട്. |
| (സി) | ഇല്ലെങ്കിൽ അത്തരം പരിശീലന പരിപാടികൾ തുടങ്ങുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | സംരംഭകർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിലേക്കായി എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഓരോ ജില്ലാ റിസോഴ്സ് പേഴ്സണുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 3 ജില്ലാ റിസോഴ്സ് പേഴ്സണുകളുടെ സഹായം ലഭ്യമാണ്. കൂടാതെ KIED എന്ന സ്ഥാപനവും പരിശീലനം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ